# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 695 — 20.03.2013-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>,, ലൂഡി ലൂയിസ്:<br>,, എം. പി. വിൻസെന്റ് :<br>,, അൻവർ സാദത്ത് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി 2012 നവംബർ 1-ാം തീയതി മുതൽ സംസ്ഥാനത്ത് ഒട്ടാകെ തുടക്കം കുറിച്ചു. |
| (ബി) ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങൾ വഴിയാണ് ഇത്തരം മരുന്നുകൾ നൽകുന്നത് , വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) സംസ്ഥാനത്ത് എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. 12-ഇനം മരുന്നുകളാണ് ഈ വിധം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിച്ച് വിതരണം ചെയ്തിട്ടുള്ളത്. |
| (സി) ഏതെല്ലാം രോഗങ്ങൾക്കാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത് ; | (സി) പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം എന്നീ രോഗങ്ങൾക്കാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. ഇതിൽ പ്രമേഹത്തിന് എതിരായുള്ള ഇൻസുലിൻ കുത്തിവയ്പും ഉൾപ്പെടുന്നു. |
| (ഡി) ഏതെല്ലാം വിഭാഗക്കാർക്കാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത് ? | (ഡി) സംസ്ഥാനത്ത് എല്ലാ വിഭാഗം ജനങ്ങൾക്കും ജീവിത ശൈലീ ക്ലിനിക്കുകളിലും, ക്യാമ്പുകളിലും കൂടി സൗജന്യ മരുന്ന് ലഭ്യമാക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിൽ സാമ്പത്തികമോ മറ്റേതെങ്കിലും തരത്തിലുള്ള വേർതിരിവോ ഇല്ല. |

സെക്ഷൻ ഓഫീസർ